# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏറത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/പി.റ്റി.എ/പി10/380/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/പി.റ്റി.എ/പി10/380/22 തീയ്യതി: 06/05/2022

## പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 03-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ്കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സന്തോഷ് ചാത്തന്നൂപ്പുഴ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീമതി സുചിത്രാദേവി എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷൈലജ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ദിവ്യ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.മൻസി അലക്സ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ജൂലിയറ്റ് ബി.പിള്ള | വെറ്ററിനറി സർജൻ (വയല) | 01-04-2020 | 31-03-2021 |
| ഡോ.ജി.അനിത | വെറ്ററിനറി സർജൻ (ഏറത്ത്) | 01-04-2020 | 31-03-2021 |
| ശ്രീ.മനു നരേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സജീന ബീവി | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ.ഷിബുമോൻ | വി.ഇ.ഒ. | 17-08-2020 | 31-03-2021 |
| ശ്രീ.സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ഉദീഷ് വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി കവിതാ കൃഷ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്യാമള വി.ആർ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: Suryaprabha P.C (Asst. Audit Officer, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-11 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-12 |
| 14 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-13 |
| 15 | മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-04-2022) | 1-14 |
| 16 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-15 |

| | | |
|---|---|---|
| 17 | വേനൽക്കാലകുടിവെള്ളവിതരണം - വാഹനവാടകയിനത്തിൽ അധികം തുക നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-16 |
| 18 | കോടികൾ മുടക്കി അശാസ്ത്രീയമായ ഐറിഷ് ഡ്രെയിൻ നിർമ്മാണം<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-17 |
| 19 | മരിച്ചവർക്കും ക്ഷേമപെൻഷൻ- സർക്കാരിന് നഷ്ടമായത് ലക്ഷങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ ചെലവ് നിയന്ത്രിക്കുന്നില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 1-19 |
| 21 | കുടിവെള്ളക്കരം ഒടുക്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 24.85 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 03-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Suryaprabha P.C (Asst. Audit Officer, On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-21 |
| 23 | സബ്സിഡി നാമമാത്രം - കർഷകന് പ്രയോജനപ്പെടുന്നില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-22 |
| 24 | ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം ; സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി<br>Written By: Suryaprabha P.C (Asst. Audit Officer, On 03-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-23 |
| 25 | വിവാഹ ധനസഹായം- സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 03-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-24 |
| 26 | തെരുവ് വിളക്ക് മെയിന്റനൻസ്- വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-25 |
| 27 | തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-26 |
| 28 | ഭിന്നശേഷിക്കാർക്ക് അർഹമായ സ്കോളർഷിപ്പ് തുക പൂർണ്ണമായി അനുവദിച്ചില്ല<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-27 |
| 29 | മഴക്കാലപൂർവ്വശുചീകരണം - ചെലവിന്റെ നടപടിക്രമങ്ങൾ പൂർണ്ണമല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 1-28 |
| 30 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-29 |
| 31 | വേനൽക്കാല കുടിവെള്ള വിതരണം - നൽകിയ തുകയുടെ ഔദ്യോഗിക രസീത് ലഭ്യമാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 1-30 |

| | | |
|---|---|---|
| 32 | ലൈഫ് ഭവന പദ്ധതി-അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 1-31 |
| 33 | ലൈഫ് പദ്ധതി- ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-32 |
| 34 | ആശ്രയ ഭവന പുനരുദ്ധാരണം- പൂർത്തീകരണ രേഖകളില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-33 |
| 35 | അർഹതയില്ലാത്ത വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകി<br>Written By: Suryaprabha P.C (Asst. Audit Officer, On 03-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 1-34 |
| 36 | കരാർ എടുത്ത റോഡ് പ്രവൃത്തികൾ ആരംഭിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 1-35 |
| 37 | സി.എഫ്.എൽ.റ്റി.സി കളിലേക്ക് വാങ്ങിയ മെത്തകൾക്ക് പുനരുപയോഗമില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വേനൽക്കാലകുടിവെള്ളവിതരണം - വാഹനവാടകയിനത്തിൽ അധികം തുക നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 06-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: N Pradeep Kumar (Audit Officer (HG), On 04-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 02-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 05-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harikumar.S (Auditor, On 01-04-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 26-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.02.2021 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 28/05/2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3: Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ ബി4:- സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതിൽ നീക്കിയിരിപ്പുള്ള തുകകൾ (4535255) കാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിന്റെ നീക്കിയിരുപ്പുമായി (4495287) പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5. ഷെഡ്യൂൾ ബി11:- ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

6. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതെ മുന്നിരിപ്പ് തുക തന്നെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

7. ഷെഡ്യൂൾ B15, I-1, RP-43:- വസ്തു നികുതി വരവ്, ചെലവ് നീക്കിയിരിപ്പ് – സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ഷെഡ്യൂൾ ബി-18:- വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി - 4831452

കെ.എസ്.ഇ.ബി – 5394888

ഭൂജല വകുപ്പ് - 152000

പി.ഡബ്ല്യു.ഡി - 49748

9. ഷെഡ്യൂൾ ഐ-8:- ഓഡിറ്റ് റിക്കവറി ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക (103713) Other Interest എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

10. ഷെഡ്യൂൾ ഐ-8:- വോട്ടിംഗ് മെഷീനിന്റെ ചെലവ് ഇനത്തിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക (43218) ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 34265023 |
| വരവ് | 130479859 |
| ആകെ | 164744882 |
| ചെലവ് | 148535450 |
| നീക്കിയിരിപ്പ് | 16209432 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16395045 | 16395045 | 14222228 | 2172817 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11002000 | 11002000 | 8919551 | 2082449 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9688949 | 9688949 | 7188160 | 2500789 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 5880000 | 5880000 | 4288581 | 1591419 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 53801000 | 53801000 | 53801000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4273000 | 4273000 | 3676283 | 596717 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 712204 | 712204 | 712204 | 0 |
| ലൈഫ് - സ്റ്റേറ്റ് ഷെയർ | 8551400 | 0 | 8551400 | 5040476 | 3510924 |
| ശുചിത്വ മിഷൻ | 3388526 | 2371925 | | 2645966 | 3314485 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 6418 | 49439674 | 49446092 | 49443298 | 2794 |
| ഐ.സി.ഡി.എസ്. | 99042 | 782901 | 881943 | 557194 | 324749 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പൊതു വിഭാഗം വികസനഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.

വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിൽ കുറവുണ്ടാകുകയും ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക | | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|---|
| | | ഹഡ്കോ മുതൽ തിരിച്ചടവ് | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | | |
| വികസന ഫണ്ട് (ജനറൽ) | 16395045 | 2092509 | 1051200 | 13251336 | 13251336 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 11002000 | 497961 | - | 10504039 | 10504039 |

ബി) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 43218 രൂപ വോട്ടിംഗ് മെഷീന്റെ ചെലവായി സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. ഈ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവു കണക്കുകളിൽ ഉൾപ്പെടുന്നില്ല. പൊതു വിഭാഗം വികസന ഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| | ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) | 16395045 | 13251336 | 14222228 | 14222228 | 2172817 | (-)970892 |
| വികസന ഫണ്ട് (എസ്.സി.പി) | 11002000 | 10504039 | 8919551 | 8919551 | 2082449 | 1584488 |

സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 297 | 198521890 | 254 | 126483716 | 43 | 96.63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 48380145 | 48380145 | 48380145 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6418.35 | 1059529 | 1065947.35 | 1063153 | 2794.35 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38160 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 1435300 | 94 |
| വിധവാപെൻഷൻ | 16488300 | 1114 |
| വാർദ്ധക്യകാലപെൻഷൻ | 34176400 | 2847 |
| വികലാംഗപെൻഷൻ | 4939400 | 347 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 674100 | 52 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.03.2022 തീയതിയിൽ 3.20 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 34613 (മുപ്പത്തിനാലായിരത്തി അറുനൂറ്റിപ്പതിമൂന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ക്ഷേമപെൻഷനുകൾ വാങ്ങിവരവെ മരണപ്പെട്ട് പോകുന്ന ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യുന്നില്ല. ഇക്കാരണത്താൽ തുടർന്നും അവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തെറ്റായി നൽകിവരുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഈ രംഗത്ത് പരാജയപ്പെട്ടു.

2. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നതിന് സംവിധാനമില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വാങ്ങുന്ന തെരുവുവിളക്കുകൾ കൃത്യമായി സ്ഥാപിക്കപ്പെടുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ഇല്ല.

4. പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള ഭീമമായ ചെലവ് നിയന്ത്രിക്കുന്നതിന് ശ്രമം ഉണ്ടായിട്ടില്ല.

5. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2016 | 2010-11 മുതൽ 2014-15 വരെ | 11.02.2016 |
| പെർഫോമൻസ് ഓഡിറ്റ് | 21.02.2022 | 04/2021 മുതൽ 12/2021 വരെ | 23.02.2022 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | തുവയൂർ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | അക്ഷയസെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 5 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 6 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല | 1st & 2nd |
| 7 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് | 1st & 2nd |
| 8 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല | 1st & 2nd |

| | | |
|---|---|---|
| 9 | ഔഷധി ആയുർവേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ | 1st & 2nd |
| 10 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 11 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല | 1st & 2nd |
| 12 | ആഞ്ജനേയ ആയുർവേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 13 | വൈദ്യരത്നം ആയുർവേദ ക്ലിനിക്ക് (തപസ്യ), വെള്ളക്കുളങ്ങര | 1st & 2nd |
| 14 | ശ്രീ വിശാഖ് ആയുർവേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് | 1st & 2nd |
| 15 | ഡോ. ജി. ഹോമിയോപ്പതി സെന്റർ, മണക്കാല | 1st & 2nd |
| 16 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല | 1st & 2nd |
| 17 | മെഡിടസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 18 | ഏറത്ത് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | തുവയൂർ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | അക്ഷയസെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 5 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 6 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല | 1st & 2nd |
| 7 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് | 1st & 2nd |
| 8 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല | 1st & 2nd |
| 9 | ഔഷധി ആയുർവേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ | 1st & 2nd |
| 10 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 11 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല | 1st & 2nd |
| 12 | ആഞ്ജനേയ ആയുർവേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് | 1st & 2nd |
| 13 | വൈദ്യരത്നം ആയുർവേദ ക്ലിനിക്ക് (തപസ്യ), വെള്ളക്കുളങ്ങര | 1st & 2nd |
| 14 | ശ്രീ വിശാഖ് ആയുർവേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് | 1st & 2nd |
| 15 | ഡോ. ജി. ഹോമിയോപ്പതി സെന്റർ, മണക്കാല | 1st & 2nd |
| 16 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല | 1st & 2nd |
| 17 | മെഡിടസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം | 1st & 2nd |
| 18 | മീനം ഇൻഡസ്ട്രീസ്, IV/723 | 1st & 2nd |
| 19 | ബിഷപ്പ് മൂർ കോളജ്, മണക്കാല | 1st & 2nd |
| 20 | പി. തോമസ്, മണക്കാല ക്വാറി വർക്ക്സ് | 1st & 2nd |
| 21 | എ.എസ്. ഹോളോബ്രിക്ക്സ്, XVII/573 | 1st & 2nd |
| 22 | എം.എം. ഹോളോബ്രിക്ക്സ്, VIII/42 | 1st & 2nd |
| 23 | പൂർവ്വിക ഫുഡ്സ്, XIII/517 | 1st & 2nd |
| 24 | അറേബ്യൻ ബേക്കറി & സൂപ്പർമാർക്കറ്റ്, 3/264, 265, 273, 274 | 1st & 2nd |

| | | |
|---|---|---|
| 25 | എം.ആർ. ഹോളോബ്രിക്ക്സ്, I/553 | 1st & 2nd |
| 26 | ടേസ്റ്റി ഫുഡ്സ്, XV/208 | 1st & 2nd |
| 27 | ആയുഷ് മോഡേൺ ഇന്റീരിയേഴ്സ്, VI/166, 167 | 1st & 2nd |
| 28 | ഗോൾഡൻസ്റ്റാർ ഇന്റീരിയേഴ്സ്, VI/530 | 1st & 2nd |
| 29 | വിജയ് പോളിപായ്ക്ക്, IV/55 | 1st & 2nd |
| 30 | ലക്ഷ്മി പോളിമർ ഇൻഡസ്ട്രീസ്, XII/43,44 | 1st & 2nd |
| 31 | എസ്.കെ. ആട്ടോടെക്ക്, VI/662 | 1st & 2nd |
| 32 | ക്രിസ്റ്റൽ ബയോകെയർ, XIV/343 | 1st & 2nd |
| 33 | ട്രാവൻകൂർ ടിംബേഴ്സ്, IX/16,17,18 | 1st & 2nd |
| 34 | ചൈതന്യ മാർബിൾസ്, III/814 | 1st & 2nd |
| 35 | ചൈതന്യ സെറാമിക്സ്, III/815 | 1st & 2nd |
| 36 | കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, II/396 | 1st & 2nd |

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | ബിനു തോമസ്സ് |
| 2 | ജി. ശശിധരക്കുറുപ്പ് |
| 3 | ലിസ്സൺ കെ. ജോർജ്ജ് |
| 4 | ബിജു എം. |
| 5 | ബിനു തോമസ്സ് |
| 6 | ജോർജ്ജ് ജോൺ |
| 7 | അജികുമാർ |
| 8 | കെ.ജെ.ബിജു |
| 9 | അഖിൽ വി.എസ്. |
| 10 | കുര്യൻ കോശി |
| 11 | പുഷ്പാംഗദൻ |
| 12 | ജെയിംസ് മാത്യു |
| 13 | കെ.ഒ.ബെന്നി |
| 14 | ഉണ്ണികൃഷ്ണൻ |
| 15 | ദീപു ജി. |
| 16 | ഹരിദാസ് |
| 17 | സോമശേഖരൻ പിള്ള |
| 18 | അജീഷ് |
| 19 | സാംസൺ സാമുവൽ |
| 20 | വിപിൻരാജ് |
| 21 | എം. ബിജു |

| | |
|---|---|
| 22 | കൃഷ്ണകുമാർ |
| 23 | സന്തോഷ് |
| 24 | ബിജി കെ. തോമസ് |
| 25 | സോമരാജൻ |
| 26 | ശ്രീകുമാർ |
| 27 | എം.ജി. രവീന്ദ്രൻ |
| 28 | ജോർജ്ജ് ജോൺ |
| 29 | അഖിൽ വി.എസ്. |
| 30 | വി. സജിമോൻ |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ |
| 2 | പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | അക്ഷയ സെന്റർ, വടക്കടത്ത്കാവ് |
| 4 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് |
| 5 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല |
| 6 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് |
| 7 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല |
| 8 | ഔഷധി ആയുർവേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ |
| 9 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 10 | സ്പർശ് തെറാപ്പി സെന്റർ, മണക്കാല |
| 11 | ആഞ്ജനേയ ആയുർവേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ സെന്റർ, വടക്കടത്ത്കാവ് |
| 12 | വൈദ്യരത്നം ആയുർവേദ ക്ലിനിക്ക് (തപസ്യ), വെള്ളക്കുളങ്ങര |
| 13 | ശ്രീ വിശാഖ് ആയുർവേദ ഹോസ്പിറ്റൽ, തുവയൂർ നോർത്ത് |
| 14 | ഡോ. ജി. ഹോമിയോപ്പതി സെന്റർ, മണക്കാല |
| 15 | സത്യ ഡെന്റൽ ക്ലിനിക്ക്, മണക്കാല |
| 16 | മെഡിടെസ്റ്റ് ക്ലിനിക്കൽ ലബോറട്ടറി, പുതുശ്ശേരിഭാഗം |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. 1997-ലെ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും 2020-21 വർഷം ലൈസൻസ് നൽകിയിട്ടില്ല. 50 രൂപ ഫീസ് ഈടാക്കി രജിസ്ട്രേഷൻ പുതുക്കി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ

നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള റിലയൻസ് മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 1/703, റിലയൻസ് ഇൻഫ്രാടെക്ക്, മൊബൈൽ ടവർ | 2013-14 – 2020-21 | 116640 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/26.03.2022), നികുതി കുടിശ്ശിക ഈടാക്കുന്നതിന് അയച്ച റവന്യൂ റിക്കവറി നോട്ടീസ് കൈപ്പറ്റാതെ തിരികെ ലഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നിയമപരമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതുമാണ്.

## 1-15 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | കല്ലുംപുറത്ത് മെഡിക്കൽ സെന്റർ, വടക്കടത്ത്കാവ് |
| 2 | ശ്രീ അയ്യപ്പൻസ് ഹോമിയോ ആശുപത്രി, മണക്കാല |
| 3 | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് |
| 4 | ഔഷധി ആയുർവ്വേദ ക്ലിനിക്ക്, ചിറ്റാണി ജംഗ്ഷൻ |
| 5 | ദുർഗ്ഗ ലബോറട്ടറി, പുതുശ്ശേരിഭാഗം |
| 6 | മെഡികെയർ പോളിക്ലിനിക്ക്, മണക്കാല |

ഗ്രാമപഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8- പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വേനൽക്കാലകുടിവെള്ളവിതരണം - വാഹനവാടകയിനത്തിൽ അധികം തുക നൽകി

ഗ്രാമപ്പഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ളവിതരണം നടത്തിയതിന്റെ വാഹനവാടക ഇനത്തിൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. അധികം നൽകിയ 56028 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ടി തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-17 കോടികൾ മുടക്കി അശാസ്ത്രീയമായ ഐറിഷ് ഡ്രെയിൻ നിർമ്മാണം

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിൽ 244 കിലോമീറ്റർ ദൂരത്തിൽ 803 റോഡുകൾ ഉണ്ട് എന്ന് ആസ്തി രജിസ്റ്റർ വ്യക്തമാക്കുന്നു. ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച 53801000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ലഭിച്ച ഫണ്ടിന്റെ ഭൂരിഭാഗവും ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനാണ് വിനിയോഗിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം 28850515 രൂപ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ 51 പദ്ധതികളുടെ ഭാഗമായി റോഡിന്റെ ഇരുവശങ്ങളിലുമായി 12.5 Cm കനത്തിൽ കോൺക്രീറ്റ് ചെയ്ത് ഐറിഷ് ഡ്രെയിൻ നിർമ്മാണം ആണ് ചെയ്തിട്ടുള്ളത്. നിലവിൽ കുടിവെള്ളപൈപ്പ് ലൈൻ കണക്ഷനുകൾ നൽകുന്നതിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ആയ ജലജീവൻമിഷൻ ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കി വരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡിന്റെ വശങ്ങളിൽ മണ്ണിനടിയിലായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. ഇതിനായി ഐറിഷ് ഡ്രെയിനായി കോൺക്രീറ്റ് ചെയ്ത ഭാഗം പൊളിച്ച് മാറ്റുകയും പൈപ്പ് ലൈൻ ഇട്ടശേഷം റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുകയും ചെയ്യുന്നതിന് പദ്ധതിപ്പണം പിന്നെയും വിനിയോഗിക്കേണ്ടി വരുന്നതാണ്. ഫലത്തിൽ ഇരുവശങ്ങളും പൂർണ്ണമായി അടച്ച് ഐറിഷ് ഡ്രെയിനിന് വേണ്ടി അശാസ്ത്രീയമായി നടത്തിയ നിർമ്മാണം പാഴ്ചെലവായി പരിണമിക്കുന്ന സ്ഥിതിയാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ എണ്ണത്തെ അപേക്ഷിച്ച് റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ഭീമമായ തുക ഓരോ വർഷവും ലഭിച്ച് വരുന്നതായും ആയത് ശരിയായ അനുപാതത്തിൽ അല്ല എന്നും വിലയിരുത്തുന്നു. അമിതമായ അളവിൽ ഉള്ള ഫണ്ട് ലഭ്യത ഇപ്രകാരം ഐറിഷ് ഡ്രെയിനുകളുടെ നിർമ്മാണത്തിനായി വകമാറ്റപ്പെടുന്നത് ഗൗരവത്തോടെ കാണുന്നു. കോൺക്രീറ്റിംഗ് ഒഴിവാക്കി അതിനുപകരം ഇന്റർലോക്ക് പ്രവൃത്തിയിലൂടെ ഐറിഷ് ഡ്രെയിൻ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 മരിച്ചവർക്കും ക്ഷേമപെൻഷൻ- സർക്കാരിന് നഷ്ടമായത് ലക്ഷങ്ങൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരണപ്പെട്ടതിന് ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തി. 2019-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതുമായ ഗുണഭോക്താക്കളുടെ വിശദാംശമാണ് പരിശോധിച്ചത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന താഴെ പറയുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്ക് പെൻഷണറുടെ മരണശേഷം ഇത്തരത്തിൽ അനർഹമായി തുക ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | |
|---|---|---|---|---|---|
| | | | | കാലയളവ് | തുക |
| 1 | രവീന്ദ്രൻ | 104170201132 | 03/04/2020 | 5/20-2/22 | 32900 |
| 2 | ദേവയാനി | 104170600651 | 29/02/2020 | 3/20-2/22 | 35500 |
| 3 | കെ.ആർ.ചന്ദ്രശേഖരൻ നായർ | 104170200924 | 17/12/2019 | 1/20-2/22 | 40100 |
| 4 | ബേബി റ്റി | 104170201540 | 21/12/2019 | 1/20-2/22 | 40100 |
| 5 | തുളസീധരൻ, പാലവിളയിൽ | 104170202781 | 20/12/2019 | 1/20-2/22 | 17400 |
| 6 | പങ്കജാക്ഷൻ നായർ | 104170200102 | 23/01/2020 | 2/20-2/22 | 38600 |
| 7 | മറിയാമ്മ | 104170201018 | 29/01/2020 | 2/20-2/22 | 38600 |
| 8 | പൊടിയൻ | 104170200461 | 31/01/2020 | 2/20-2/22 | 34200 |
| 9 | തങ്കമ്മ മത്തായി | 104170600530 | 10/02/2020 | 3/20-2/22 | 34200 |
| 10 | ആദിച്ചൻ | 104170200480 | 08/02/2020 | 3/20-2/22 | 37100 |

| | | | | | |
|---|---|---|---|---|---|
| 11 | വാസുദേവൻ, ഇല്ലിക്കുളത്ത് തെക്കതിൽ | 104170200165 | 27/04/2020 | 5/20-2/22 | 34100 |
| 12 | യോഹന്നാൻ, ബഥേൽ ഹൗസ് | 104170200420 | 13/06/2020 | 7/20-2/22 | 31100 |
| 13 | ജോർജ് പി.ജി. വിളയിൽ പുത്തൻവീട് | 104170202308 | 9/6/2020 | 7/20-2/22 | 30300 |
| 14 | ഈശ്വരിയമ്മ, പ്ലാവിളയിൽ വീട് | 104170200647 | 05/04/2020 | 5/20-2/22 | 34100 |
| 15 | വെളുമ്പൻ, തോവോട്ട് വീട് | 104170201187 | 27/04/2020 | 5/20-2/22 | 34500 |
| 16 | പൊടിയൻ, താന്നിക്കുന്നിൽ തെക്കേതിൽ | 104170200085 | 05/06/2020 | 7/20-2/22 | 31100 |
| 17 | ഗൗരി | 104170200923 | 25/11/2020 | 12/20-2/22 | 23600 |
| 18 | കൊച്ചു ചെറുക്കൻ | 104170200338 | 26/09/2020 | 10/20-2/22 | 26000 |
| 19 | സാറാമ്മ വർഗ്ഗീസ് | 104170202710 | 20/09/2020 | 10/20-2/22 | 26000 |
| 20 | വൈ.ലൂക്കോസ് | 104170100055 | 21.09.2020 | 10/20-2/22 | 9000 |
| 21 | കൊച്ചിക്ക കുരുമ്പേലയ്യത്ത് | 104170600149 | 09/07/2020 | 8/20-2/22 | 29000 |
| 22 | ശകുന്തളാ ദേവി | 104170202332 | 14/07/2020 | 8/20-2/22 | 29000 |
| 23 | എലിസബത്ത് തോമസ് | 104170202278 | 17/06/2020 | 7/20-2/22 | 31100 |
| 24 | പങ്കജാക്ഷിയമ്മ | 104170201068 | 11/10/2020 | 11/20-2/22 | 32700 |
| | | | | ആകെ | 750300 |

2. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീയതി 23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് ഉടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3. സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ഇക്കാര്യം ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന് 28/09/2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കളിൽ കൂടുതൽ പേരും ഡയറക്ട് റ്റു ഹോം രീതിയിലാണ് പെൻഷൻ വാങ്ങുന്നത് എന്നതിനാൽ ലക്ഷക്കണക്കിന് രൂപ സർക്കാർ ഫണ്ടിൽ നിന്നും സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് ഇടയായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ബാങ്ക് പെൻഷൻ നൽകാതിരുന്ന കാലയളവ് | സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭവാനിയമ്മ | 104170200289 | 26/07/2020 | 5/20-2/22 | 32900 |
| ഗോപാലൻ | 104170200427 | 11/11/2020 | 10/20-11/21 | 21500 |
| ബാബു കൊച്ചുകുഞ്ഞ് | 104170202563 | 28/11/2020 | 1/21-11/21 | 17300 |
| ലക്ഷ്മിക്കുട്ടിയമ്മ | 104170600660 | 25/09/2020 | 10/20-12/21 | 24500 |

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ

സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവ് പാലിക്കപ്പെട്ടില്ലായെന്ന് മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും വ്യക്തമാണ്. ഇത്തരത്തിൽ സഹകരണ ബാങ്കിന്റെ ശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്ന ചില ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ഗുണഭോക്താക്കളുടെ പെൻഷൻ സസ്‌പെൻഡ് ചെയ്യാതിരുന്നത് മൂലം ബന്ധപ്പെട്ട ബാങ്കുകൾക്ക് ഈ കാലയളവിൽ പെൻഷൻ തുക കൈമാറിയിട്ടുണ്ട്. ഉദാ:

| പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി |
|---|---|---|
| തുളസീധരൻ, പാലവിളയിൽ | 104170202781 | 20/12/19 |
| പങ്കജാക്ഷി | 104170600186 | 28/12/2020 |
| തരിയൻ പാപ്പച്ചൻ | 101780200565 | 27.10.2020 |
| എം.ജി.ശാമുവൽ | 104170202354 | 08.07.2020 |

ഇത്തരത്തിൽ ബാങ്കുകളുടെ സസ്പെൻസ് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരികെ വാങ്ങുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുമായ ഗുണഭോക്താക്കളുടെ വിശദാംശം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നടപടിക്രമം യഥാവിധി പാലിക്കുന്നതായി കാണുന്നില്ല. ഉദാ: പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായ ശ്രീമതി കൊച്ചൂയുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തത് മൂലം പെൻഷൻ സ്റ്റാറ്റസ് ഇപ്പോഴും ആക്ടീവ് ആയി നിലനിൽക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആധാർ നം | മരണപ്പെട്ട തീയതി |
|---|---|---|
| കൊച്ചൂ | 267356640587 | 11/06/2021 |

6. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും സാമൂഹ്യ സുരക്ഷ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്ത ചില ഗുണഭോക്താക്കളുടെ കർഷക പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ബാങ്ക് മുഖേനയാണ് കർഷക പെൻഷൻ നൽകുന്നത്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം യഥാസമയം കൃഷി ഓഫീസിനെ അറിയിക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതുണ്ട്. ഉദാ:

| പേര് | ആധാർ നം | മരണപ്പെട്ട തീയതി |
|---|---|---|
| കെ.നാണു | 206991663817 | 26.05.2021 |
| ശമുവേൽ ജി. | 318765777952 | 21.10.2020 |
| എം.ജി.ശമുവേൽ | 270869890765 | 08.07.2020 |
| ബാബുതോമസ് | 693517062724 | 03.03.2021 |

ഈ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 02/2022 വരെയുള്ള കർഷക പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

7. അമ്മിണി, പ്ലാവിള കിഴക്കേതിൽ എന്ന സാമൂഹ്യ പെൻഷൻ ഗുണഭോക്താവ് 13/03/2020-ൽ മരണപ്പെട്ടിരുന്നു. മരണപ്പെട്ടു എന്ന് ഡി.ബി.റ്റി-യിൽ സഹകരണ ബാങ്ക് അധികൃതർ രേഖപ്പെടുത്തിയിട്ടുണ്ട്. 10/2019 മുതൽ പെൻഷൻ തുക കൈമാറിയിരുന്നില്ല. എന്നാൽ 10/2021-ലെ പെൻഷൻ തുക 1600 രൂപ കൈപ്പറ്റിയതായി ഡി.ബി.റ്റി.യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗുണഭോക്താവിന്റെ പെൻഷൻ അക്കൗണ്ട് ഇതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല. 43000 രൂപ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുമുണ്ട്. മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ മറ്റാരോ കൈപ്പറ്റാനിടയായ സാഹചര്യത്തെപ്പറ്റി അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സമയബന്ധിത നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഈ വിഷയത്തിൽ ഭരണതലത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം - ഭീമമായ ചെലവ് നിയന്ത്രിക്കുന്നില്ല

പൊതുടാപ്പകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ ചെലവ് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല 357 പൊതുടാപ്പകൾക്ക് കുടിവെള്ളക്കരം ഇനത്തിൽ പ്രതിമാസം 156188 രൂപ വീതം ചെലവഴിച്ച് വരുന്നുണ്ട്. ഉപയോഗശൂന്യമായ ടാപ്പുകൾ ഒഴിവാക്കുന്നതിനും പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനുമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 19.03.2022 ൽ 3-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സംയുക്തപരിശോധനയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓരോ വാർഡിലും പ്രവർത്തിക്കുന്നതും ആവശ്യമുള്ളതുമായ ടാപ്പുകൾ സംബന്ധിച്ച് ജനപ്രതിധികളിൽ നിന്നും റിപ്പോർട്ട് വാങ്ങുന്നതിനും, ഇപ്രകാരം ആവശ്യമുള്ള ടാപ്പുകളുടെ റിപ്പോർട്ട് തയ്യാറാക്കി, അവയൊഴികെ ബാക്കി ടാപ്പുകളുടെ കണക്ഷൻ റദ്ദ് ചെയ്ത് ഈയിനത്തിലുള്ള ഭീമമായ ചെലവ് കുറയ്ക്കുന്നതിനുമുള്ള സാദ്ധ്യത ആരായുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 കുടിവെള്ളക്കരം ഒടുക്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 24.85 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ആവർത്തനച്ചെലവുകൾ വഹിക്കുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുകയും വിനിയോഗിക്കാം എന്നിരിക്കേ പൊതുടാപ്പുകളുടേയും അങ്കണവാടികളുടേയും കുടിവെള്ളക്കരം ഒടുക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് പ്രത്യേക ഉദ്ദേശ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2485161 തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കൽ (345/21) എന്ന പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1856752 രൂപ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് പ്രതിമാസം കുടിവെള്ളക്കരം ഒടുക്കുകയും പിന്നീട് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തുക തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുകയുമാണ് ചെയ്തത്. ഇതുകൂടാതെ അങ്കണവാടികളുടെ വാട്ടർചാർജ്ജ് കുടിശ്ശിക ഒടുക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 628409 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും തുക പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. അങ്കണവാടികളുടെ കുടിവെള്ളക്കരം ഇനത്തിൽ കുടിശ്ശികയായ തുകയും തനത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിരുന്നതാണ്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം തുക ശുചിത്വം, ഖര-ദ്രവ മാലിന്യം സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും ബാക്കി 50 ശതമാനം തുക കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും (Reuse/recycling Of Water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂവെന്ന് സ.ഉ(കൈ)നം.103/2020/ത.സ്വ.ഭ.വ തീയതി 30/06/2020 നമ്പർ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രത്യേക ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/24.03.2022) മറുപടി നൽകിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ തുക മുൻകൂർ കൈമാറാവൂ. എന്നാൽ തുകകൾ ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പായി പ്രസ്തുത സ്ഥാപനങ്ങളുമായി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുകകൾ ട്രഷറി മുഖേന ഓൺലൈനായി ടി സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ, തുക നിക്ഷേപിച്ച് അക്കൗണ്ട് നമ്പർ, പദ്ധതിയുടെ പേരുൾപ്പെടെ, ബന്ധപ്പെട്ട സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കുകയോ, നിക്ഷേപിച്ചതുകകൾക്കുള്ള ഔദ്യോഗികമായ കൈപ്പറ്റ് രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ

ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകളില്ല

തൻവർഷം നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 48/20 | കുടിവെള്ള പൈപ്പ്‌ലൈൻ നീട്ടൽ | 1214300 | വാട്ടർ അതോറിറ്റി | 266/11.10.2020 |
| 2 | 278/20 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 403589 | കെ.എസ്.ഇ.ബി. | ചെക്ക് നം.371200/03.07.2020 |
| 3 | 381/20 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 135360 | കെ.എസ്.ഇ.ബി. | 373/06.02.2021 |

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സബ്സിഡി നാമമാത്രം - കർഷകന് പ്രയോജനപ്പെടുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വെറ്റിലക്കൃഷി വികസനം, സുഗന്ധി എന്നീ പദ്ധതികൾക്ക് നാമമാത്ര സബ്സിഡിയാണ് നൽകിയത്. ഇപ്രകാരം പേരിന് മാത്രം പദ്ധതി നടപ്പാക്കുന്നത് കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. വെറ്റിലക്കൃഷി വികസനം - S8/2021
കുറഞ്ഞത് അഞ്ച് സെന്റിൽ എങ്കിലും വെറ്റിലക്കൃഷിയുള്ള കർഷകർക്ക് ജൈവവളത്തിന് സബ്സിഡി നൽകുന്നതിനായി 102500 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയായിരുന്നു (വികസന ഫണ്ട് 76500, ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത് 26000) മാത്രമാണ്. 48 ഗുണഭോക്താക്കൾക്ക് 900 രൂപ വീതവും 15 പേർക്ക് 1800 രൂപ വീതവും 1 ആൾക്ക് 2700 രൂപയും മാത്രമാണ് ജൈവവളം ഇനത്തിൽ സബ്സിഡി നൽകിയത് (ബിൽ നമ്പർ 366958/23.07.2020 36900 രൂപ, 561844/28.09.2020 1800 രൂപ, 561784/28.09.2020 35100 രൂപ, 37786/30.03.2021 2700 രൂപ). പദ്ധതിയിൽ വെറ്റയുടെ കൊടിത്തല വാങ്ങൽ, ഈറ, പണിക്കൂലി എന്നീ ഇനങ്ങൾക്ക് സബ്സിഡി നൽകിയിട്ടില്ല.

2.സുഗന്ധി S11/21
അടങ്കൽ - 160000
ചെലവ് - 120000 (BRN 656779/20.10.2020 120000)

പദ്ധതിയിൽപ്പെടുത്തി ജൈവവളത്തിന് മാത്രമാണ് സബ്സിഡി നൽകിയത്. 160 ഗുണഭോക്താക്കൾക്ക് 480 രൂപ വീതവും 323 പേർക്ക് 240 രൂപ വീതവും മാത്രമാണ് സബ്സിഡി നൽകിയത്.

ഗുണഭോക്താക്കൾക്ക് കൃഷിക്ക് പ്രോത്സാഹനമാകുംവിധം പര്യാപ്തമായ സബ്സിഡി നൽകാത്തത് സംബന്ധിച്ച് 26.03.2022 ൽ 14-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൃഷിക്ക് പ്രോത്സാഹനമാകുംവിധം പര്യാപ്തമായ സബ്സിഡി നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം ; സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പിലാക്കി

ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകുവാൻ പാടില്ലെന്നും ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് കാലിത്തീറ്റ നൽകി സബ്സിഡി തുക സംഘങ്ങൾക്ക് നൽകണമെന്നും ജി.ഒ(എം.എസ്)1466/2020 /ത.സ്വ.ഭ.വ. തീയതി 06.08.2020 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെയാണ് 2020-21 വർഷം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം എന്ന പ്രോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത്. ഗുണഭോക്താക്കൾ ക്ഷീര സംഘങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങുന്നതിന്റെ ബില്ലുകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ 50% നിരക്കിൽ പരമാവധി 10000 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി അനുവദിച്ചിരിക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| സബ്സിഡി തുക | ബിൽ നമ്പർ/തീയതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 180705 | 10/16.03.2021 | 32 |
| 111718 | 11/31.03.2021 | 26 |

സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/22.03.2022) 2021 ഏപ്രിൽ മാസം മുതൽ തന്നെ ക്ഷീരസംഘത്തിൽ നിന്നും കർഷകർ കാലിത്തീറ്റ വില നൽകി വാങ്ങിയതിനാലാണ് ഇത്തരത്തിൽ സബ്സിഡി നൽകാനിടയായത് എന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വിവാഹ ധനസഹായം- സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവാഹ ധനസഹായം(എസ്.സി.പി.) എന്ന പ്രോജക്ട് പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ജി.ഒ(എം.എസ്.)22/2018/ത.സ്വ.ഭ.വ തീയതി 14/02/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം എസ്.സി. വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നവർ വിവാഹത്തിന് മുൻപ് 15 ദിവസത്തിനകമോ വിവാഹം കഴിഞ്ഞ് 3 മാസത്തിനുള്ളിലോ അപേക്ഷ നൽകേണ്ടതാണ്. 17/09/2018-ലെ സ.ഉ(സാധാ.)2438/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ 3 മാസം എന്നുള്ളത് 180 ദിവസമാക്കി ഉയർത്തുകയും പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകുവാൻ ജില്ലാ ആസൂത്രണസമിതി മെമ്പർ കൂടിയായ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കാത്ത ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടറിൽ നിന്നും പ്രത്യേക അനുമതി വാങ്ങാതെ തന്നെ ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷകയുടെ പേര് | മകളുടെ വിവാഹം നടന്ന തീയതി | അപേക്ഷ സമർപ്പിച്ച തീയതി | നൽകിയ ധനസഹായം |
|---|---|---|---|
| രാധ, മലഞ്ചരുവിൽ | 28/05/2019 | 08/07/2020 A6 2402/2020 | 75000 |
| വെളുത്ത കുഞ്ഞ് | 15/03/2020 | 23/11/2020 A3 3964/20 | 75000 |

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 തെരുവ് വിളക്ക് മെയിന്റനൻസ്- വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

2020-21 വർഷം ആവിഷ്കരിച്ച തെരുവ് വിളക്കുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും എന്ന പ്രോജക്റ്റിന് (4/21) വകയിരുത്തിയിരുന്ന പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 61873 രൂപ (ബിൽ നം.33/10.03.2021) 2019-20 വർഷം തെരുവ് വിളക്കുകൾ വാങ്ങിയ ഹന്ന ഇലക്ട്രിക്കൽസിന് നൽകിയിട്ടുണ്ട്. ഇതിന് ആധാരമായി ഫയലിൽ ചേർത്തിരിക്കുന്ന ടാക്സ് ഇൻവോയ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|---|
| Shade | 1770 | J-60/25/02/2020 | 24771 |
| Shade<br>Aluminium Wire | 700<br>100 Roll | J-27/28.10.2019 | 32600 |
| Insulation Tape | 500 | J-16/20.09.2019 | 4502 |
| | | | 61873 |

ഈ ഉപകരണങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ഇലക്ട്രീഷ്യൻമാർക്ക് ഉപകരണങ്ങൾ കൈമാറുകയോ ചെയ്തിട്ടില്ല. 2020-21 വർഷം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയ വികസന ഫണ്ട് മുൻ വർഷത്തെ പ്രോജക്ട് പ്രകാരമുള്ള തുക നൽകുന്നതിനായി അനുമതി കൂടാതെ ഉപയോഗിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (12/16.03.2022) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നുള്ള 61873 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവ് വിളക്ക് മെയിന്റനൻസ്- അപാകതകൾ

| പ്രോജക്ട് നം/തീയതി | ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും, 4/21 | വികസന ഫണ്ട് | 169650 | 169650 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 221755 | 221755 |
| | തനത് ഫണ്ട് | 107151 | 106500 |
| തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും, 155/2, സ്പിൽ ഓവർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 330060 | 290900 |
| | തനത് ഫണ്ട് | 500000 | 500000 |
| തെരുവ് വിളക്ക് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും, 357/21 | വികസന ഫണ്ട് | 950000 | 423046 |

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി (4/21, 357/21) ഭാഗമായി തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും Lumni, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട് (498728 രൂപ ബിൽ നം/തീയതി 32/10.03.2021, 33/10.03.2021) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഇൻവോയ്സ് നം/തീയതി | തുക | വാങ്ങിയ ഉപകരണങ്ങൾ | എണ്ണം |
|---|---|---|---|---|
| 4/21 | 2020-21/09 തീയതി 08.07.2020 | 116852 | LED Bulb16W | 700 |
| | | | Lamp Shade | 280 |
| | | | Pendent Holder | 500 |
| | | | Aluminium Wire | 30 |
| | | | Insulation Tape | 180 |
| 4/21 | 2020-21/14 തീയതി 21.07.2020 | 99920 | LED Bulb16W | 800 |
| 4/21 | 2020-21/08 തീയതി 08.7.2020 | 99920 | LED Bulb16W | 800 |
| 4/21 | 2020-21/15 തീയതി 21.07.2020 | 74713 | LED Bulb16W | 400 |
| | | | Pendent Holder | 360 |
| | | | Aluminium Wire | 21 |
| | | | Bed Switch | 600 |
| 357/21 | 2020-21/19 തീയതി 07.08.2020 | 107323 | LED Bulb16W | 700 |
| | | | Lamp Shade | 570 |

പ്രോജക്ട് നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻപായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങണമെന്ന് 16.10.2015-ലെ ജി.ഒ(എം.എസ്)നം.3140/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻപ് ആവശ്യകത നിർണ്ണയിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി തയ്യാറാക്കി സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

3. പദ്ധതി നടത്തിപ്പിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിക്കണമെന്ന സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

4. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചത് തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ എന്ന രജിസ്റ്ററിൽ ചേർക്കുകയോ, ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസീൽ ചെയ്യുകയോ ചെയ്തിട്ടില്ല.

5. വാങ്ങിയ തെരുവ് വിളക്കുകൾ ആവശ്യകത പരിഗണിക്കാതെ ഇലക്ട്രീഷ്യൻമാർക്ക് കൈമാറുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| LED ബൾബുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം | ഇലക്ട്രീഷ്യന് കൈമാറിയതിന്റെ വിവരം | ഇലക്ട്രീഷ്യന്റെ പേര് |
|---|---|---|

| തീയതി | എണ്ണം | തീയതി | എണ്ണം | |
|---|---|---|---|---|
| | | 09/7/2020 | 400 | ജയകുമാർ |
| 08/07/2020 | 800 | 26/07/2020 | 400 | ജയകുമാർ |
| 08/07/2020 | 700 | 09/07/2020 | 300 | ഗോപാലകൃഷ്ണപിള്ള |
| 21/07/2020 | 800 | 26/07/2020 | 400 | ഗോപാലകൃഷ്ണപിള്ള |
| | | 29/07/2020 | 400 | ഗോപാലകൃഷ്ണപിള്ള |
| 07.08.2020 | 700 | 22/09/2020 | 600 | ജയകുമാർ |
| 21.09.2020 | 400 | 22/09/2020 | 500 | ഗോപാലകൃഷ്ണപിള്ള |

അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് രണ്ട് ഇലക്ട്രീഷ്യൻമാരെ കരാർ ഏൽപ്പിച്ചിരുന്നു. പോൾ ഒന്നിന് 100 രൂപ നിരക്കിൽ പ്രവൃത്തി നടത്തുന്നതിനാണ് കരാർ നൽകിയിരുന്നത്. പ്രവൃത്തി നടത്തിയതിന് കരാറുകാർക്ക് ചുവടെ ചേർക്കും പ്രകാരം പ്രതിഫലം നൽകിയിട്ടുണ്ട്.

| കരാറുകാരന്റെ പേര് | പ്രോജക്ട് നം | നൽകിയ പ്രതിഫലം | ബിൽ നം./ചെക്ക് നം.തീയതി |
|---|---|---|---|
| ജയകുമാർ | 4/2021 | 106500 | 371845/26.08.2020 |
| | 155/2021 (Spill Over) | 103800<br>95900<br>107600 | 369970/09.06.20<br>374345/15.12.2020<br>0200744/8.10.2020 |
| | 357/2021 | 47850 | 31/12.03.2021 |
| | ആകെ | 616000 | |
| ഗോപാലകൃഷ്ണപിള്ള | 155/2021 (Spill Over) | 221200<br>167700<br>25000 | 7/13.07.2020<br>0200745/08.10.2020<br>369971/09.06.2020 |
| | 357/21 | 206000 | 38/30.03.2021 |
| | ആകെ | 619900 | |

6. അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ (ജി2/44274/2015, തീയതി 17.08.15) നിബന്ധനകൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. തെരുവ് വിളക്കിന്റെ മെയിന്റനൻസിന് സർക്കുലറിൽ നിർദേശിച്ച മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിക്ക് നിയോഗിച്ച ഇലക്ട്രീഷ്യൻമാർ അപകട ഇൻഷ്വറൻസ് എടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, നിർദ്ദിഷ്ട മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും കരാറുകാർ അറ്റകുറ്റപ്പണി നടത്തിയതായി പറയുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത ബോദ്ധ്യപ്പെടാനായിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ അറ്റകുറ്റപ്പണി നടത്തിയതിന് പ്രോജക്ടുകൾ പ്രകാരം കരാറുകാർക്ക് നല്കിയ പ്രതിഫല തുകയ്ക്കുള്ള വൗച്ചറുകളും, കൈപ്പറ്റ് രസീതും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും, പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ ലിസ്റ്റും ഒഴികെ മറ്റ് രേഖകൾ ഒന്നും തന്നെ ചെലവിനാധാരമായി ഹാജരാക്കിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ റിപ്പയർ ചെയ്ത കാലയളവ്, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ഭിന്നശേഷിക്കാർക്ക് അർഹമായ സ്കോളർഷിപ്പ് തുക പൂർണ്ണമായി അനുവദിച്ചില്ല

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, 35/21 | വികസന ഫണ്ട് | 600000 | വികസന ഫണ്ട് | 600000 |
| | | ബ്ലോക്ക് പഞ്ചായത്ത് | 400000 | ബ്ലോക്ക് പഞ്ചായത്ത് | 213900 |

| | | | | | |
|---|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് | 200000 | | |
| | | ആകെ | 1200000 | ആകെ | 813900 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം ആകെ 45 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളിൽ ആർക്കും തന്നെ അർഹമായ മുഴുവൻ തുകയും ധനസഹായമായി അനുവദിച്ചിട്ടില്ല. ആകെ വകയിരുത്തിയ 1200000 രൂപയിൽ 813900 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, കോവിഡിന് മുൻപ് ലഭിച്ചിരുന്ന മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായമെന്ന നിലയിൽ അനുവദിക്കുന്നതിന് 05.01.2021-ലെ സ.ഉ.(സാധാ) നം.25/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അന്തഃസത്ത ഉൾക്കൊണ്ടുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി 28500 രൂപ വരെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും 20000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. സ്കോളർഷിപ്പ് വിതരണത്തിലെ അപാകതകൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വിഭാഗം | അർഹമായ തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ബിനോയ് ബി. | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 2 | ജില്യ വർഗ്ഗീസ് | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 3 | വിപിൻകുമാർ വി | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 4 | ആകാശ് കെ.എസ്. | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 5 | അശ്വിൻ എസ്. | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 6 | ഹരികൃഷ്ണൻ | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 7 | ജോബി ജയിംസ് | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 8 | അനിൽകുമാർ ആർ. | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 9 | ഗായത്രി രാജേഷ് | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 10 | നിതിൻ എം. | മാനസിക വെല്ലുവിളി നേരിടുന്ന | 28500 | 20000 |
| 11 | ജിബു ജയിംസ് | ബിരുദം, ശാരീരിക വൈകല്യം | 13000 | 12000 |
| 12 | റിയ ബിനോയ് | ബിരുദം, ശാരീരിക വൈകല്യം | 13000 | 12000 |

പദ്ധതിയിൽ തുക ലഭ്യമായിരുന്നിട്ടും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/23.03.2022) മറുപടിയായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതു കൊണ്ടാണ് മുഴുവൻ തുകയും വിതരണം നടത്താൻ സാധിക്കാതെ പോയതെന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 213900 മാത്രമാണ് ലഭിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ടി. മറുപടി അംഗീകരിക്കത്തക്കതല്ല. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായി

വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ നടപടികൾ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥയുടെയും ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മഴക്കാലപൂർവ്വശുചീകരണം - ചെലവിന്റെ നടപടിക്രമങ്ങൾ പൂർണ്ണമല്ല

ഗ്രാമപ്പഞ്ചായത്തിലെ 17 വാർഡുകളിലായി മഴക്കാലപൂർവ്വശുചീകരണത്തിന് ഓഡിറ്റ് വർഷം ശുചിത്വമിഷനിൽ നിന്നും ലഭിച്ച 170000 രൂപയും തനത് ഫണ്ടിനത്തിൽ 85000 രൂപയും ബന്ധപ്പെട്ട ഓരോ വാർഡ് സാനിട്ടേഷൻ സമിതിക്കും 15000 രൂപ വീതം എന്ന ക്രമത്തിൽ കൈമാറുകയും നിർദ്ദിഷ്ട പ്രവർത്തനത്തിന് വിനിയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി ചെലവിന്റെ വൗച്ചറുകളിൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങിയിട്ടില്ല. ചെലവിന്റെ സുതാര്യത വാർഡ് മെമ്പർ മുഖേന സാക്ഷ്യപ്പെടുത്തി അപാകം ഭാവിയിൽ പരിഹരിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല

കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2113 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിശ്ചിത മാതൃകയിലുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. പണി തൃപ്തികരമായി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിക്കൊണ്ട് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ആണ് ഫയലിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ഒരു മരാമത്ത് പ്രവൃത്തിയ്ക്കും ഇപ്രകാരം മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് ഓരോ പ്രവൃത്തിയുടെയും ഭാഗമായി സ്ഥാപിക്കേണ്ടതാണ് എന്ന് 21.06.2018 ൽ ഇ20/6699/സി.ഇ/തസ്വഭവ ആയുള്ള സർക്കുലറിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. നടപ്പ് വർഷം മുതൽ അപാകങ്ങൾ പരിഹരിച്ചുകൊണ്ട് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 വേനൽക്കാല കുടിവെള്ള വിതരണം - നൽകിയ തുകയുടെ ഔദ്യോഗിക രസീത് ലഭ്യമാക്കിയില്ല

ടാങ്കർ ലോറി മുഖേന 14.04.2020 മുതൽ 28.05.2020 വരെ കാലയളവിൽ വാട്ടർ അതോറിറ്റി, W.S സെക്ഷൻ, ചിരണിക്കൽ നിന്നും കുടിവെള്ളം വിതരണം ചെയ്തിരുന്നു. ആയതിന്റെ ചെലവായി 51900 രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, പത്തനംതിട്ട എന്ന പേരിൽ ചെക്കായോ ഡി.ഡി ആയോ ഒടുക്കണമെന്ന് 22.02.2021-ൽ വാട്ടർ അതോറിറ്റി ചിരണിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നമ്പർ 178512/06.03.2021 പ്രകാരം 51900 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി ചെക്ക് കൈപ്പറ്റിയതായി അടൂർ ചിരണിക്കൽ WS സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ വെള്ളപ്പേപ്പറിൽ ഒപ്പിട്ട് നൽകിയ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ഉള്ളത്. വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. അപാകം സംബന്ധിച്ച് 26.03.2022 ൽ 13-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും ഔദ്യോഗിക രസീത് ലഭ്യമാക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി-അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ജനറൽ വിഭാഗത്തിൽ ആനുകൂല്യം നൽകിയ ആറാം വാർഡിലെ അംബികാ കുമാരി, വല്യന്റയ്യത്ത്, വടക്കടത്തുകാവ് എന്ന ഗുണഭോക്താവിന് 2019-20 വർഷം രണ്ട് ഗഡു ധനസഹായം നൽകിയിരുന്നു (40000-29/01/2020, 160000-17/02/2020). എന്നാൽ ടിയാൾ കുടുംബശ്രീ തയ്യാറാക്കി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടായിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച എലിജിബിൾ ബനിഫിഷ്യറി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാൾ സ്വന്തം നിലയ്ക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ലൈഫ് ധനസഹായം ഉപയോഗിച്ച് ഒരു വീട് കൂടി നിർമ്മിച്ചതായി 03/2020 മുതൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ ഭരണസമിതിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. സ്വന്തമായോ കുടുംബാംഗങ്ങളുടെ പേരിലോ ഭവനം ഇല്ലാത്തവരും ഭവനം കൈമാറിക്കിട്ടാൻ സാധ്യതയില്ലാത്ത ഗുണഭോക്താക്കൾക്കാണ് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ളത്. ഇത്തരത്തിൽ അർഹതയില്ലാത്ത ഗുണഭോക്താവുമായി കരാർ വച്ച് ആനുകൂല്യം നൽകിയത് സംബന്ധിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2019 നവംബർ മുതൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരേ വകുപ്പ് തല അന്വേഷണത്തിന് ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ട് (08/09 /20-ലെ അജണ്ട I, തീരുമാനം I). അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക എഗ്രിമെന്റ് നിബന്ധന പ്രകാരം തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് പദ്ധതി- ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

2018-19 സാമ്പത്തിക വർഷം ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ട് രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | നൽകിയ തുക | തീയതി |
|---|---|---|
| ഉഷ, ശിവവിലാസം, ചൂരക്കോട് | 40000<br>160000 | 24/07/2018<br>27/01/2020 |
| തബീദ, പുത്തൻവിളയിൽ, മണക്കാല | 40000<br>160000 | 18/07/2018<br>11/02/2019 |

ബേസ്മെന്റ് ലെവലിൽ മാത്രം നിർമ്മാണം നടത്തിയ ഈ രണ്ട് ഗുണഭോക്താക്കളും എഗ്രിമെന്റ് വച്ച് 3 വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ആശ്രയ ഭവന പുനരുദ്ധാരണം- പൂർത്തീകരണ രേഖകളില്ല

ആശ്രയ പദ്ധതിയുടെ ഭാഗമായി ശാന്തമ്മ എന്ന ഗുണഭോക്തവിന് ഭവന പുനരുദ്ധാരണം നടത്തുന്നതിനായി വാർഡ് 16-ലെ എ.ഡി.സി-ന് 50000 രൂപ നൽകിയിട്ടുണ്ട്(ചെക്ക് നം.372392/06.10.20). ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചത് സംബന്ധിച്ച അസിസ്റ്റന്റ് എൻജിനീയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ്, സി.ഡി.എസ്. മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പടെയുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-34 അർഹതയില്ലാത്ത വിദ്യാർത്ഥിയ്ക്ക് ആനുകൂല്യം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷം നടപ്പിലാക്കിയ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി (124/21) എന്ന പ്രോജക്ട് പ്രകാരം അമൃത രാജ്, മൈലയ്ക്കൽ കിഴക്കേതിൽ എന്ന വിദ്യാർത്ഥിനിയ്ക്ക് 2 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| അനുവദിച്ച തുക | ബിൽ നം/തീയതി |
|---|---|
| 50000 | 437/04.03.2021 |
| 75000 | 456/10.03.2021 |
| 75000 | 523/29.03.2021 |

ഈ വിദ്യാർത്ഥിനി കർമ്മ ആയുർവേദ ഹോസ്പിറ്റൽ, ഉമ്പമൺ എന്ന സ്വകാര്യ സ്ഥാപനം നടത്തുന്ന ആയുർവേദ നഴ്സിംഗ് ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് സ്ഥാപനം നൽകിയ സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമായത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള കോഴ്സ് അല്ല ഈ സ്ഥാപനത്തിന്റേത്. പൊതു വിദ്യാഭ്യാസ വകുപ്പോ ഉന്നത വിദ്യാഭ്യാസ വകുപ്പോ അംഗീകരിച്ചിട്ടുള്ള കോഴ്സിന് പഠിക്കുന്നവർക്കാണ് സബ്സിഡി മാനദണ്ഡ പ്രകാരം (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.2018) പഠനമുറിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കാതെ സബ്ഡിഡി അനുവദിച്ചതിനാൽ രണ്ട് ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 കരാർ എടുത്ത റോഡ് പ്രവൃത്തികൾ ആരംഭിച്ചില്ല

ഓഡിറ്റ് വർഷം കരാർ ഏൽപിച്ച ചുവടെ പറയുന്ന റോഡ് പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | എഗ്രിമെന്റ് തീയതി | അടങ്കൽ |
|---|---|---|---|
| വെള്ളക്കുളങ്ങര മാത്തിൽപ്പടി റോഡിൽ കലുങ്ക് സൈഡ് കെട്ട് | രാജു തോമസ് | 26.8.2020 | 1100000 |
| മൃഗാശുപത്രി ഇലവിളപ്പടി റോഡ് സൈഡ് കെട്ട് | രാജു തോമസ് | 26.8.2020 | 720000 |

കാലതാമസം വരുത്തിയതിനാൽ ടി കരാറുകാരനെ പ്രവൃത്തി ഏറ്റെടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നതായും, എന്നാൽ ടിയാൻ ഇതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചതിനെ തുടർന്നുണ്ടായ ഹൈക്കോടതി വിധിയുടെ

അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ ടിയാനെത്തന്നെ ഏൽപിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ ഇപ്പോൾ നടന്ന് വരുന്നതായും മറുപടിയിൽ വിശദീകരിക്കപ്പെട്ടു. ടി പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കിയ ശേഷം അറിയിക്കേണ്ടതാണ്.

### 1-36 സി.എഫ്.എൽ.റ്റി.സി കളിലേക്ക് വാങ്ങിയ മെത്തകൾക്ക് പുനരുപയോഗമില്ല

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ചെക്ക് നമ്പർ 371866/27.08.2020 പ്രകാരം 74970 രൂപ ചെലവഴിച്ച് സി.എഫ്.എൽ.റ്റി.സി കളിലേക്ക് മെത്തകളും തലയണകളും 100 എണ്ണം വീതം വാങ്ങി ഉപയോഗിച്ചിരുന്നു. എന്നാൽ നിലവിൽ അവയ്ക്ക് ഉപയോഗമില്ലാത്ത സാഹചര്യമാണുള്ളത്. അവ എപ്രകാരം തുടർന്ന് ഉപയോഗിക്കണമെന്ന് തീരുമാനിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വേനൽക്കാലകുടിവെള്ളവിതരണം - വാഹനവാടകയിനത്തിൽ അധികം തുക നൽകി

ഗ്രാമപ്പഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് 06.04.2020 ൽ ക്വൊട്ടേഷൻ ക്ഷണിച്ചതനുസരിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.വിനു.പി, വിജുഭവൻ എന്നയാൾ കിലോമീറ്ററിന് 70 രൂപ നിരക്കിൽ സമർപ്പിച്ച ക്വോട്ടേഷൻ (KL38/3955 എന്ന വാഹനം) 21.04.2020 ലെ ജനറൽ കമ്മിറ്റി 1(6) നമ്പരായി അംഗീകരിച്ചിരുന്നു. 14.04.2020 മുതൽ 28.05.2020 വരെ കാലയളവിലാണ് ജി.പി.എസ് ഘടിപ്പിച്ച ടി വാഹനത്തിൽ കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത്. വാഹനവാടക ഇനത്തിൽ ചുവടെ പറയുന്ന പ്രകാരം ടിയാന് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാഹനം ഓടിയ കാലയളവ് | വാഹനവാടക നൽകുന്നതിന് കണക്കാക്കിയ ദൂരം (കി.മീ) | നൽകിയ വാഹന വാടക (രൂപ) | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|
| 1 | 14.4.2020 മുതൽ 30.4.2020 വരെ | 3295.4 | 230678 | 369898/ 19.5.2020 |
| 2 | 1.5.2020 മുതൽ 17.5.2020 വരെ | 4035.7 | 282499 | 369943/ 27.5.2020 |
| 3 | 20.5.2020 മുതൽ 28.5.2020 വരെ | 1315 | 85998 | 371201/ 3.7.2020 |

ചെലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വാഹനവാടകയിനത്തിൽ അധികം തുക പിൻവലിച്ച് നൽകിയതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. 01.05.2020 മുതൽ 17.05.2020 വരെ കാലയളവിൽ 4035.7 കി.മീ. വാഹനം ഓടിയതിനാണ് വാഹനവാടക നൽകിയത്. എന്നാൽ ടി കാലയളവിൽ കുടിവെള്ള വിതരണത്തിന് വാഹനം ഓടിയത് 3455.3 കിലോമീറ്റർ ആണ് എന്ന് ജി.പി.എസ് റിപ്പോർട്ടിൽ നിന്ന് വ്യക്തമാണ്. 01.05.2020-ൽ കുടിവെള്ളവിതരണത്തിനുള്ള യാത്ര തുടങ്ങുന്നതിന് മുൻപ് തന്നെ 580.4 കി.മീ. വാഹനം ഓടിയതായി ജി.പി.എസ് ലോഗിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 580.4 കി.മീ കൂടി തെറ്റായി ഉൾപ്പെടുത്തി 4035.7 കിലോമീറ്ററിന് വാഹനവാടക നൽകിയത് ക്രമവിരുദ്ധമാണ്. തെറ്റായി ഉൾപ്പെടുത്തിയ 580.4 കിലോമീറ്ററിന് തുക അനുവദിച്ചത് വഴി 40628 രൂപ (580.4*70) അധികം നൽകിയിട്ടുണ്ട്.

2. 20.05.2020 മുതൽ 28.05.2020 വരെ കുടിവെള്ള വിതരണം നടത്തിയതിന് 1315 കിലോമീറ്റർ വാഹനം ഓടിയതായി കണക്കാക്കിയാണ് 85998 രൂപ നൽകിയത്. എന്നാൽ 20.05.2020 ന് ടി ആവശ്യത്തിന് വാഹനം ഉപയോഗിക്കുന്നതിന് മുമ്പ്തന്നെ 220 കിലോമീറ്റർ ദൂരം ഓടിയതായി ജി.പി.എസ് ലോഗിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി

220 കിലോമീറ്റർ ദൂരം കൂടി തെറ്റായി ഉൾപ്പെടുത്തി 1315 കിലോമീറ്ററിന് വാഹനവാടക നൽകിയത് ക്രമവിരുദ്ധമാണ്. തെറ്റായി ഉൾപ്പെടുത്തിയ 220 കിലോമീറ്ററിന് 70 രൂപ ക്രമത്തിൽ 15400 രൂപ അധികം നൽകിയിട്ടുണ്ട്.

മേൽസൂചിപ്പിച്ച പ്രകാരം കടിവെള്ളവിതരണത്തിനായുള്ള വാഹനവാടക ഇനത്തിൽ ആകെ 56028 രൂപ (40628 + 15400) കരാറുകാരന് അധികം നൽകിയത് സംബന്ധിച്ച് 19.03.2022 ൽ 2-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികം നൽകിയ 56028 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 83062 | നെൽകൃഷി വികസനം | 83062 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 213900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 213900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി , 19/21 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, (സ്പിൽ ഓവർ) 156/2021 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2700000 | സുഫലം സമഗ്രവാഴകൃഷി, 9/21 | 2700000 | 0 |
| ജില്ലാ പഞ്ചായത്ത് | 94800 | നെൽകൃഷി വികസനം, 157/21 | 74800 | 20000 |
| ജില്ലാ പഞ്ചായത്ത് | 3500000 | ഇടവിളകൃഷി വികസനം 170/21 | 3500000 | 0 |
| ജില്ലാ പഞ്ചായത്ത് | 1600000 | ഇടവിളകൃഷി വികസനം 171/21 | 1600000 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | പാലിയേറ്റീവ് കെയർ, 36/21 | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 497962 | പാലിയേറ്റീവ് കെയർ, 154/21 (സ്പിൽ ഓവർ) | 497962 | 0 |
| ജില്ലാ പഞ്ചായത്ത് | 66000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 19/2021 | 66000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) 156/2021 | 200000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ, 48/20 | 1214300 | 0 | 1214300 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ, 278/20 | 403589 | 0 | 403589 |
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ, 381/20 | 135360 | 0 | 135360 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (KURDFC) | സ.ഉ.(കൈ) നം.100/2018/ തസ്വഭവ തീയതി 30/07/2018 | 33737056 | 31663526 | 2590470 | | 29073056 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2018-19 | 2-10, 3-25 | 37713 | ശ്രീ. കെ.ജെ.ബിജു, കരാറുകാരൻ | 120150101315/13.08.2020 |
| 2018-19 | 3-25 | 59256 | ശ്രീ. അജികുമാർ, കരാറുകാരൻ | 120150101302/13.08.2020 |
| 2018-19 | 2-10 | 6744 | ശ്രീ. ബിനുതോമസ്, കരാറുകാരൻ | 120150101195/04.08.2020 |
| ആകെ | | 103713 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 164744882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 148535450 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56028 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 261873 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 56028 | ശ്രീമതി സുചിത്രാദേവി എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 61873 | ശ്രീമതി സുചിത്രാദേവി, സെക്രട്ടറി |
| 1-34 | 200000 | ശ്രീമതി ഷൈലജ കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 261873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുചിത്രാദേവി എം, സെക്രട്ടറി | സെക്രട്ടറി, കിഴക്കേ കല്ലട പഞ്ചായത്ത്, കൊല്ലം ജില്ല. | ശ്രീമംഗലത്ത്, വലിയപാടം, വിലന്തറ പി.ഓ കൊല്ലം ജില്ല |
| ശ്രീമതി ഷൈലജ കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കുളനട പഞ്ചായത്ത് | കാവേരി ഭവൻ പൂവറ്റൂർ, മാവടി (പി.ഒ) കൊല്ലം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ പി3- 771/97 തീയതി:03.06.98 |
| 1996-97 | എൽ.എഫ്.പി.റ്റി.എ പി3-66/98 തീയതി:08.07.98 |
| 1997-98 | എൽ.എഫ്.പി.റ്റി.എ പി4-148/07 |

| | |
|---|---|
| | തീയതി:04.12.07 |
| 1998-99 | എൽ.എഫ്.പി.റ്റി.എ പി4-149/07<br>തീയതി:12.06.07 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-481/07<br>തീയതി:16.10.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി3-606/00<br>തീയതി:14.08.01 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-482/07<br>തീയതി:16.10.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി2-704/02<br>തീയതി:31.03.03 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ പി2-453/04<br>തീയതി:13.01.05 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി4-703/06<br>തീയതി:05.12.06 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-647/07<br>തീയതി:16.10.07 |
| 2002-03 | എൽ.എഫ്.പി.റ്റി.എ പി2-751/04<br>തീയതി:05.04.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി10-474/08<br>തീയതി:27.02.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ പി10-479/08<br>തീയതി:30.03.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എപി10-340/10<br>തീയതി:06.01.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ പി4-392/11<br>തീയതി:22.11.12 |
| 2007-08 മുതൽ<br>2010-11 വരെ | എൽ.എഫ്.പി.റ്റി.എ പി10-1113/12<br>തീയതി:20.03.13 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എപി10-588/14<br>തീയതി:27.10.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എപി10-322/15<br>തീയതി:12.06.15/13.07.15 |
| 2014-15 | എൽ.എഫ്.പി.റ്റി.എപി10-775/15<br>തീയതി:26.08.2015 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.10.1321/16<br>തീയതി:07.12.2016 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17<br>തീയതി:22.06.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി.10/1357/2018<br>തീയതി:24.10.2018 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി.10/604(എ)/2019 തീയതി:08.08.2019 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.10/259/2021<br>തീയതി:15.04.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്